വിദ്യാഭ്യാസ വകുപ്പുമന്ത്രിക്കുവേണ്ടി വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി): സർ, സ്പെഷ്യൽ റൂൾസ് ഇല്ലാത്തതാണ് പ്രശ്നം. സ്പെഷ്യൽ റൂൾസ് രൂപീകരിച്ച് വിജ്ഞാപനം പുറപ്പെടുവിക്കുന്നതോടുകൂടി ഈ പ്രശ്നങ്ങൾ പരിഹരിക്കാം. അതുകഴിഞ്ഞാൽ താൽക്കാലികവും ഡെപ്യൂട്ടേഷനുമൊക്കെയായിട്ട് നിയമിച്ചുപോകാം. ഉടനെതന്നെ അതിന് പരിഹാരം ഉണ്ടാക്കാം. മറ്റ് പിന്നോക്ക പ്രദേശത്ത് മുൻഗണന തരണമെന്നുള്ളത് തീർച്ചയായിട്ടും പോസിറ്റീവായിട്ട് പരിഗണിക്കാം.

(8) ദേശീയ പാതയിൽ ആലുവ മുതൽ അങ്കമാലി വരെയുള്ള പ്രദേശത്തെ റോഡപകടങ്ങൾ

ശ്രീ. എം. എ. ചന്ദ്രശേഖരൻ: സർ, എൻ. എച്ച്. 47-ൽ ആലുവ മുതൽ അങ്കമാലി വരെയുള്ള ഭാഗത്ത് പണി തുടങ്ങിയപ്പോൾ ഞങ്ങൾ വളരെ സന്തോഷത്തിൽ ആയിരുന്നു. പക്ഷേ ഈ ഭാഗം ഇന്നൊരു മരണക്കെണിയായി മാറിയിരിക്കുകയാണ്. പ്രത്യേകിച്ച് കരിയാട് ഭാഗം. ആ ഭാഗത്തെ വളവുകൾക്ക് ദൂരക്കാഴ്ചയില്ല. മാത്രമല്ല അവിടെ ബ്രേക്ക് ചവിട്ടിയാൽ ആ നിമിഷം വണ്ടി തകിടം മറിയും. ഇതിനോടകം 13 പേർ മരിച്ചു കഴിഞ്ഞു. എല്ലാ ദിവസവും അപകടമാണ്. അതുമാത്രമല്ല, ആ ഭാഗത്ത് സ്ഥലമെടുക്കണം, നടപ്പാതയില്ല. ഇതിന്റെ പണിയുടെ സാങ്കേതികത്വത്തിൽ പോലും അപകടം ഉണ്ടെന്ന് തോന്നുന്നു. ഇന്ത്യയിലെ സാങ്കേതികത്വം കേരളത്തിലെ ആറ് മാസം മഴയുള്ള കാലത്ത് പര്യാപ്തമാണോ എന്ന് പരിശോധിക്കണം. മാത്രമല്ല, അവിടെ ഉപയോഗിച്ചിരിക്കുന്ന wearing coat വളരെ മിനുസമേറിയതാണ്. അവിടെ വണ്ടി ബ്രേക്ക് ചവിട്ടിയാൽ ആ സമയം മറിഞ്ഞുകൊണ്ടിരിക്കുകയാണ്. ഇതിന്റെ സാങ്കേതികത്വത്തെ കുറിച്ച് പ്രത്യേകമായി പഠിക്കണം.

മരാമത്ത് വകുപ്പുമന്ത്രി (ശ്രീ. എം. കെ. മുനീർ): സർ, വർദ്ധിച്ചുവരുന്ന വാഹന ബാഹുല്യത്തിന് അനുസൃതമായും എൻ.എച്ച്.-47-ലെ വികസനം നടക്കാത്തതും ഡ്രൈവർമാരുടെ അശ്രദ്ധയും കാരണം റോഡ് അപകടങ്ങൾ ഉണ്ടാകുന്നുണ്ട്. ക്രമം തെറ്റിയുള്ള കാലവർഷം ദേശീയപാത 47-ൽ കേടുപാടുകൾ വരുത്തുന്നുണ്ട്. റോഡ് അപകടങ്ങൾ ഒഴിവാക്കുവാൻ ആലുവ മുതൽ അങ്കമാലി വരെയുള്ള ഭാഗം ഉൾപ്പെടെ ദേശീയപാതയിൽ യുദ്ധകാലാടിസ്ഥാനത്തിൽ അറ്റകുറ്റപ്പണികൾ നടത്തിവരുന്നുണ്ട്. ഗതാഗതക്കുരുക്ക് ഒഴിവാക്കുന്നതിന്റെ ഭാഗമായി ചേർത്തല മുതൽ ആലുവ വരെയുള്ള റോഡിന്റെ കുറേഭാഗം നാലുവരിപ്പാത ആക്കിയിട്ടുണ്ട്. ആലുവ മുതൽ അങ്കമാലി വരെയുള്ള ഭാഗം നാലുവരിപ്പാതയാക്കുന്ന നിർമ്മാണ പ്രവർത്തനങ്ങൾ നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യയുടെ മേൽനോട്ടത്തിൽ നടന്നുവരുന്നു. ചേർത്തല മുതൽ പാറശ്ശാലവരെയുള്ള ഭാഗം നാലുവരിപ്പാതയാക്കുന്നതിനുള്ള സാദ്ധ്യതാപഠനം നടന്നുവരികയാണ്. ദേശീയ പാതകളിൽ റോഡ് അപകടങ്ങൾ ഒഴിവാക്കുന്നതിന് കേന്ദ്ര ഉപരിതല ഗതാഗത വകുപ്പിന്റെ മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ചുള്ള മുൻകരുതൽ സ്വീകരിച്ചിട്ടുണ്ട്. റോഡ് അപകടങ്ങൾക്ക് സാദ്ധ്യതയുള്ള സ്ഥലങ്ങളിൽ മറ്റ് വകുപ്പുകളുടെ സഹകരണത്തോടെ വിവരണ ബോർഡുകൾ സ്ഥാപിച്ചും സുരക്ഷാ ക്രമീകരണങ്ങൾ നടത്തിയും വരുന്നുണ്ട്. ഇപ്പോൾ അംഗം ഉന്നയിച്ച വിഷയങ്ങൾ ഗൗരവപൂർവ്വം കേന്ദ്ര ഗവൺമെന്റുമായി ആലോചിച്ച് നിരന്തരമായ അപകടങ്ങൾ ഇല്ലാതാക്കുന്നതിനുവേണ്ടിയുള്ള നടപടികൾ എടുക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly